بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 29.04.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*29.04.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**മുമ്പത്തെക്കാളേറെ ഇസ്‌ലാമിക കാര്യങ്ങൾ പഠിക്കുകയും നിങ്ങൾ മുസ്‌ലീംകളാണെന്നും ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നവരാണെന്നും നിങ്ങളുടെ കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുക.**
**ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം പൂർണമായും മനസ്സിലാക്കുക എന്നത് ഓരോ അഹ്മദി കുട്ടിയുടേയും യുവാവിന്റേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് തുറന്നു വിശദീകരിച്ചു തന്നിട്ടുള്ള ആ അധ്യാപനങ്ങളിൽനിന്ന് അറിവ് കരസ്ഥമാക്കുക. അതിലാണ് അഹ്മദിയ്യാ ജമാഅത്ത് നിലകൊള്ളുന്നത്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്വയം, തന്നെ നബിയെന്ന് പറഞ്ഞുകൊണ്ട് അല്ലെങ്കിൽ നമ്മൾ ആ മഹാത്മാവിനെ നബിയെന്ന് വിശ്വസിച്ചുകൊണ്ട് ഖത്തമുന്നുബുവ്വത്തിനെ നിഷേധിച്ചുവെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദവും ജമാഅത്തിന്റെ രൂപീകരണവും തുടങ്ങിയ അന്നുമുതൽ ഇന്നുവരെ ആ മഹാത്മാവിന്റേയും അദ്ദേഹത്തെ വിശ്വസിക്കുന്നവരുടേയുംമേൽ മുസ്‌ലീംകൾ തുടർച്ചയായി ഉന്നയിച്ചുവരുന്ന ആക്ഷേപമാണ്. യഥാർഥത്തിൽ ഇത് നമ്മുടെ മേലുള്ള വ്യാജാരോപണമാണ്. അപരാധമാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനം അനുസരിച്ചുതന്നെയാണ് നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിൽ മറ്റു മുസ്‌ലിം കക്ഷികൾ പ്രകടിപ്പിക്കുന്നതിനെക്കാൾ കൂടുതൽ വിശ്വസിക്കുന്നതും പ്രവർത്തനപരമായ പ്രകടനം കാഴ്ചവെക്കുന്നതും. എന്നല്ല നബി(സ)തിരുമേനിയുടെ സ്ഥാനത്തെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനംകൊണ്ട് എത്രമാത്രമാണോ അഹ്മദികൾ മനസ്സിലാക്കിയിട്ടുള്ളത് അതിന്റെ ലക്ഷങ്ങളിലൊരു ഭാഗംപോലും മറ്റു മുസ്‌ലീംകൾ മസ്സിലാക്കിയിട്ടില്ല. എന്തായാലും ഖത്തമുന്നുബുവ്വത്തിനെ അടിസ്ഥാനമാക്കിക്കൊണ്ട് മറ്റു മുസ്‌ലീംകൾ എപ്പോഴും അഹ്മദികളെ എതിർത്തു വരുന്നു. മസ്ജിദുകളിൽ ഇത് നിരന്തരം വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. എത്രത്തോളമെന്നാൽ കലിമ പോലും നല്ലവണ്ണം ചൊല്ലാൻ അറിയാത്ത കുട്ടികൾ പോലും സ്കൂളുകളിൽ അഹ്മദി കുട്ടികളോട് നിങ്ങൾ മുസ്‌ലീംകളല്ലെന്ന് പറയുന്നു. തങ്ങളോടു ഇങ്ങനെ പെരുമാറുന്നുവെന്ന് ചില ആൺകുട്ടികളും പെൺകുട്ടികളും കഴിഞ്ഞ ദിവസങ്ങളിൽ എനിക്കെഴുതുകയും ചെയ്തിട്ടുണ്ട്. ഞാൻ അവരോടു പറയുന്നത്, മുമ്പത്തെക്കാളേറെ ഇസ്‌ലാമിക കാര്യങ്ങൾ പഠിക്കുകയും നിങ്ങൾ മുസ്‌ലീംകളാണെന്നും ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നവരാണെന്നും നിങ്ങളുടെ കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുക എന്നാണ്. നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് വന്ന വാഗ്ദത്ത മസീഹിനെ ആ മഹാത്മാവിന്റെ ദാസനും അദ്ദേഹത്തിന്റെ അധീനത്തിലുള്ള നബിയുമായി വിശ്വസിക്കുന്നു. ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം പൂർണമായും മനസ്സിലാക്കുക എന്നത് ഓരോ അഹ്മദി കുട്ടിയുടേയും യുവാവിന്റേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാലത്ത് തുറന്നു വിശദീകരിച്ചു തന്നിട്ടുള്ള ആ അധ്യാപനങ്ങളിൽനിന്ന് അറിവ് കരസ്ഥമാക്കുക. നബി(സ)തിരുമേനി അല്ലാഹുവിന്റെ ന്യായപ്രമാണവാഹിയായ അവസാന പ്രവാചകനാണെന്നതിലും ശരീഅത്തിന്റെ അഥവാ ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ നബിയുടെമേൽ നുബുവ്വത്ത് അവസാനിച്ചിരിക്കുന്നുവെന്നതിലുമാണ് അഹ്മദിയ്യാ ജമാഅത്ത് നിലകൊള്ളുന്നത്. ഇനിയൊരു പുതിയ ന്യായപ്രമാണം ഉണ്ടാകുകയില്ല. ഇപ്രകാരംതന്നെ വിശുദ്ധ ഖുർആൻ അവസാന ശരീഅത്ത് ഗ്രന്ഥമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ വന്ന ആ മഹാത്മാവിന്റെ ശിഷ്യനായ നബിയാണ്. നബി(സ) തിരുമേനിയുടെ ശരീഅത്തിനെ നടപ്പിൽ വരുത്താൻ ആഗതനായ നബിയാണ്. അദ്ദേഹം പ്രചരിപ്പിക്കേണ്ടത് നബി(സ)തിരുമേനിയുടെ തന്നെ ശരീഅത്തിനെയാണ്.

എപ്പോഴെല്ലാം ജമാഅത്തിന്നെതിരിൽ എതിർപ്പ് ശക്തമായിട്ടുണ്ടോ അപ്പോഴെല്ലാം നമ്മൾ കണ്ടിട്ടുള്ളത് ആ എതിർപ്പുകളെല്ലാം ജമാഅത്തിന് വളമെന്ന നിലയിൽ ഗുണം ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് നമുക്കൊരു ചിന്തയും ഇക്കാര്യത്തിലും ഉണ്ടായിട്ടില്ല. ഇനിയൊട്ട് ഉണ്ടാകുകയുമില്ല. ഉണ്ടാകാൻ പാടില്ലാത്തതുമാണ്. ഇപ്പോഴുള്ള ഈ എതിർപ്പുകൊണ്ടും മാധ്യമങ്ങളിലൂടെ ജമാഅത്തിന് വമ്പിച്ച പ്രചാരണമാണുണ്ടായിട്ടുള്ളത്. ഇത്രമാത്രം ചുരുങ്ങിയ കാലയളവിൽ നമുക്ക് ചെയ്യാൻ പറ്റാത്തതായിരുന്നു അത്. മതകാര്യങ്ങളിൽ കൂടുതൽ താൽപര്യമില്ലാതിരുന്നവരും ജമാഅത്തിൽനിന്ന്

അകന്നു നിന്നിരുന്നവരുമായ ചില അഹ്മദി യുവാക്കൾക്കും ആ മാധ്യമങ്ങൾ മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽവന്ന നബിയായിട്ടാണ് നമ്മൾ വിശ്വസിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ ദാസത്വത്തിന്റെ കടമ എങ്ങനെയാണ് നിറവേറ്റിയത്? നബി (സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്ത് എന്ന മഹിതസ്ഥാനം എങ്ങനെയാണ് സ്ഥാപിച്ച് കാണിച്ചത്? നമുക്കെങ്ങനെയാണ് മാർഗദർശനം നല്കിയത്? ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: തീർച്ചയായും ഓർത്തുകൊള്ളുക. നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് ദൃഢമായും വിശ്വസിക്കാത്തിടത്തോളം ആർക്കും തന്നെ മുസ്‌ലിമാകാനോ നബി(സ)തിരുമേനിയുടെ പിൻഗാമിയാകാനോ സാധിക്കുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നമ്മുടെ ലക്ഷ്യം -അതിനുവേണ്ടിയാണ് അല്ലാഹു നമ്മുടെ മനസ്സിൽ ആവേശമുണ്ടാക്കിയിട്ടുള്ളത്-നബി(സ)തിരുമേനിയുടെ മാത്രം നുബുവ്വത്ത് നിലനിറുത്തുക എന്നതാണ്. അത് അവസാന കാലംവരെയുള്ള ജനങ്ങൾക്കുവേണ്ടി അല്ലാഹു സ്ഥാപിച്ചിട്ടുള്ളതാണ്. ജനങ്ങൾ തങ്ങളുടെ അനാചാരങ്ങൾ മുഖേന സ്ഥാപിച്ചിട്ടുള്ള എല്ലാ വ്യാജനുബുവ്വത്തുകളേയും തകർത്ത് തരിപ്പണമാക്കുക. ഈ എല്ലാ സിംഹാസനാരൂഢരേയും നോക്കിയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിൽ നാമാണോ വിശ്വസിച്ചിട്ടുള്ളത് അതല്ല അവരാണോ എന്ന് വിലയിരുത്തുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, ഖത്തമുന്നുബുവ്വത്ത് കൊണ്ട് അല്ലാഹുവിന്റെ ഇച്ഛ ഇത്രമാത്രമാണെന്ന് സ്വയം നിശ്ചയിക്കുകയും അതായത് വായകൊണ്ടുമാത്രം ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുകയും നിങ്ങൾക്കിഷ്ടമായതുമാത്രം ചെയ്യുകയും നിങ്ങളുടേതായ ഒരു പ്രത്യേക ശരീഅത്ത് ഉണ്ടാക്കുകയും ചെയ്യുക എന്നത് അക്രമവും ദ്രോഹവുമാണ്. ഇവർ ബഗ്ദാദി നമസ്കാരവും മൺകൂസ് നമസ്കാരവുമെല്ലാം കണ്ടുപിടിച്ചു വെച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, വിശുദ്ധ ഖുർആനിലോ നബി(സ)തിരുമേനിയുടെ നടപടികളിലോ എവിടെയെങ്കിലും അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ? ഇപ്രകാരംതന്നെ **യാ ശേയ്ഖ് അബ്ദുൽഖാദിർ ജീലാനീ ശയ്അൻ ലില്ലാഹ്** എന്നു പറയുന്നതിനുള്ള തെളിവ് വിശുദ്ധ ഖുർആനിലുണ്ടോ? നബി(സ)തിരുമേനിയുടെ കാലത്ത് ശേയ്ഖ് അബ്ദുൽ ഖാദിർ ജീലാനിതന്നെ ഇല്ലായിരുന്നു. പിന്നെ ഇതാരാണ് പറഞ്ഞത്? അല്പം ലജ്ജ കാണിക്കുക! ഇസ്‌ലാമിക ശരീഅത്ത് പാലനത്തിന്റേയും നിർബന്ധമായും നിറവേറ്റേണ്ടതിന്റേയും പേരാണോ ഇത്? ഇക്കാര്യങ്ങൾ വിശ്വസിക്കുന്ന നിങ്ങൾക്ക്, ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് ഖാത്തമുന്നബിയ്യീന്റെ സീൽ ഞാൻ തകർത്തുവെന്ന് ആക്ഷേപിക്കാൻ എന്തർഹതയാണുള്ളതെന്ന് സ്വയം തീരുമാനിക്കുക. യഥാർഥവും സത്യവുമായകാര്യം നിങ്ങളുടെ മസ്ജിദുകളിൽ അനാചാരങ്ങൾ കാണാതിരിക്കുകയും ഖാത്തമുന്നബിയ്യീൻ(സ)യുടെ സത്യമായ നുബുവ്വത്തിൽ വിശ്വസിച്ച് അവിടത്തെ കർമ രീതിയേയും കാലടിയേയും നിങ്ങളുടെ ഇമാമാക്കി നടക്കുകയും ചെയ്തിരുന്നെങ്കിൽ ഞാൻ വരേണ്ട ആവശ്യമെന്താണ്? നിങ്ങളുടെ ഈ അനാചാരങ്ങളും പുതിയ നുബുവ്വത്തുകളും തന്നെയാണ് അല്ലാഹുവിന്റെ ആത്മാഭിമാനത്തെ തൊട്ടുണർത്തി ഈ വ്യാജനുബുവ്വത്തുകളുടെ ബിംബങ്ങളെ തകർത്ത് ഉന്മൂലനം ചെയ്യാൻ നബി(സ)തിരുമേനിയുടെ പുതപ്പിൽ ഒരു ആളെ അയക്കാൻ പ്രചോദിപ്പിച്ചത്. അതിനാൽ ഈ പ്രവർത്തനത്തിനായിട്ടാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: സിംഹാസനാരൂഢരായിട്ടുള്ളവർക്ക് സജ്ദ ചെയ്യുന്നത് അല്ലെങ്കിൽ അവരുടെ വീടുകൾ ത്വവാഫ് ചെയ്യുന്നത് തികച്ചും നിസാരവും സാധാരണയായിട്ടുള്ളതുമായ കാര്യമാക്കിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചത് നബി(സ)തിരുമേനിയുടെ നുബുവ്വത്തിനേയും അന്തസ്സിനേയും വീണ്ടും സ്ഥാപിക്കാനാണ്. ഒരാളുടെ പ്രേമിയാണെന്ന് പറയുന്ന ഒരു വ്യക്തിയുണ്ട്. അതുപോലെ ആയിരക്കണക്കിനാളുകൾ വേറെയുമുണ്ടെങ്കിൽ ആ വ്യക്തിയുടെ പ്രണയത്തിനും സ്നേഹത്തിനും എന്തു പ്രത്യേകതയാണുള്ളത്. ഇവർ നബി(സ)തിരുമേനിയുടെ സ്നേഹത്തിലും പ്രണയത്തിലും ലയിച്ചവരാണെങ്കിൽ-അവർ വാദിക്കുന്നതുപോലെ ആയിരക്കണക്കിന് പുണ്യാത്മാക്കളുടെ ജന്മസ്ഥലങ്ങളും മഖ്ബറകളും ആരാധിക്കുന്നതെന്തിനാണ്? മദീന ത്വയ്യിബയിൽ പോകുന്നു. എന്നാൽ, അജ്മീറിലും മറ്റു മഖ്ബറകളിലും പോകുന്നത് തലമറയ്ക്കാതെയും നഗ്ന പാദരായുമാണ്! പാക്പട്ടന്റെ ജനലിലൂടെ കടന്നുപോകുന്നത് മോക്ഷം കിട്ടാൻ മതിയായതാണെന്ന് മനസ്സിലാക്കുന്നു. ചിലർ ചില പതാക ഉയർത്തി നാട്ടിയിരിക്കുന്നു. ചിലർ മറ്റു രീതികൾ സ്വീകരിച്ചിരിക്കുന്നു. ഈ ആളുകളുടെ ഉറൂസുകളും മേളകളും കണ്ടിട്ട്, ഇവരെന്താണ് ചെയ്യുന്നതെന്നോർത്ത് സത്യാവാനായ മുസ്‌ലിമിന്റെ മനസ്സ് വിറകൊള്ളുന്നു. അല്ലഹുവിന് ഇസ്‌ലാമിന്റെ കാര്യത്തിൽ അഭിമാനം ഇല്ലായിരുന്നെങ്കിൽ **ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്‌ലാം** അല്ലാഹുവിന്റെ വചനം ആകുകയില്ലായിരുന്നു. **ഇന്നാ നഹ്നു നസ്സൽദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ** എന്ന് പറഞ്ഞിട്ടുണ്ടാകുകയുമില്ല. അങ്ങനെയായാൽ ഇന്ന് ഇസ്‌ലാം നശിക്കുമെന്നതിന് ഒരു സംശയവും ഉണ്ടാകുമായിരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ അഭിമാനം അലയടിച്ചുയർന്നു. അവന്റെ കാരുണ്യവും സംരക്ഷിക്കുമെന്നുള്ള വാഗ്ദാനവും ആഗ്രഹിച്ചത് നബി(സ)തിരുമേനിയുടെ പ്രതിച്ഛായയെ വീണ്ടും ഇറക്കാനും ഇക്കാലത്ത് നബി(സ)തിരുമേനിയുടെ നുബുവ്വത്തിനെ പുതിയ രീതിയിൽ ജീവിപ്പിച്ചു കാണിക്കാനുമാണ്. അങ്ങനെ അവൻ ഈ ജമാഅത്ത് രൂപീകരിക്കുകയും എന്നെ ദൂതനും മഹ്ദിയുമാക്കി അയക്കുകയും ചെയ്തു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, വാഗ്ദത്ത മസീഹിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നമ്മുടെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും നബി(സ)തിരുമേനിയുടെ പ്രതാപം വെളിപ്പെടുത്തുക എന്നതാണ്. ആ ദിവ്യാത്മാവിന്റെ മഹത്ത്വം സ്ഥാപിക്കുക എന്നതാണ്. എന്നെ കുറിച്ചുള്ള പരാമർശം ആന്തരികമാണ്. എന്തുകൊണ്ടെന്നാൽ നബി(സ)തിരുമേനിയിൽ

ആകർഷണത്തിന്റേയും അനുഗ്രഹത്തിന്റേയും ശക്തിയുണ്ട്. അതേ അനുഗ്രഹത്തിലാണ് നമ്മുടെ പരാമർശമുള്ളത്. അതായത് നബി(സ)തിരുമേനി അനുഗ്രഹം എത്തിക്കുന്നയാളും ഗുണമെത്തിക്കുന്ന ആളുമാണ്. അതേ അനുഗ്രഹത്തിലും ഗുണത്തിലും (അവിടന്ന് പറഞ്ഞു) എന്റെ പരാമർശം വന്നു കഴിഞ്ഞു. ഇത് നബി(സ)തിരുമേനിയുടെ അനുഗ്രഹം തന്നെയാണ്. അതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ പദവി പ്രദാനം ചെയ്തത്. അതിനാൽ നബി(സ)തിരുമേനിയുടെ അനുഗ്രഹ വൃത്തം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അതി ന്റെ ഉള്ളിലെടുത്തു. അപ്പോൾ നബി(സ)തിരുമേനിയെ പ്രതിപാദിക്കുന്നതോടൊപ്പം ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രണയിയുടെ പരാമർശവും അതുൾക്കൊള്ളുന്നു.

ആയിരം വർഷത്തെ അന്ധകാരകാലം കാരണത്താൽ മുസ്‌ലീംകളിൽ ഉണ്ടായിട്ടുള്ള പുതിയ കാര്യങ്ങളും അനാചാരങ്ങളും അകറ്റുക എന്നതാണ് ആ മഹാത്മാവിന്റെ വരവിന്റെ ഉദ്ദേശ്യം. ഇതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: വീണ്ടും ഞാൻ പറയുകയാണ്. അല്ലാഹുവിൽനിന്ന് വരുന്നയാൾ മോശമായ കാര്യങ്ങളൊന്നും പറയുകയില്ല. അയാൾ പറയുന്നത് അല്ലാഹുവിനെ ആരാധിക്കുക എന്നും സൃഷ്ടികളോടു നന്മ പ്രവർത്തിക്കുക എന്നുമാണ്. നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും മതത്തിൽ വന്നു പതിഞ്ഞിട്ടുള്ള തെറ്റുകൾ എടുത്ത് പുറത്തു കളയുകയും ചെയ്യുക. അങ്ങനയാണ് ഇപ്പോൾ ഞാൻ വന്നിട്ടുള്ളത്. ഫയ്ജെ അഅ്‌വജിന്റെ(കളവിന്റെ കാലഘട്ടം)കാലഘട്ടത്തിൽ വന്നുഭവിച്ചിട്ടുള്ള തെറ്റുകൾ ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഏറ്റവും വലിയ തെറ്റ് അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും മണ്ണോടു ചേർത്തു എന്നതാണ്.

യേശു ജീവിച്ചിരിക്കുന്നുവെന്നും നിങ്ങളുടെ നബി(സ) ജീവിച്ചിരിപ്പില്ലെന്നും ഒരു ഭാഗത്ത് ക്രിസ്ത്യാനികൾ പറയുന്നു. ഇതിൽനിന്ന് അവർ ഈസായെ ദൈവവും ദൈവപുത്രനുമാണെന്ന് സ്ഥാപിക്കുന്നു. കാരണം അദ്ദേഹം രണ്ടായിരം വർഷമായി ജീവിച്ചുവരുന്നയാളാണ്. കാലത്തിന്റെ ഒരു സ്വാധീനവും അദ്ദേഹത്തിൽ പതിഞ്ഞിട്ടില്ല. മറുഭാഗത്ത് മസീഹ് സ്ഥൂലശരീരത്തോടെ ആകാശത്തുപോയത് ശരിയാണെന്നും രണ്ടായിരം വർഷമായി ഇന്നും അതേപോലെയും, അതേ അവസ്ഥയിലും രൂപത്തിലും ഒരു മാറ്റവും കൂടാതെ ജീവിച്ചിരിക്കുന്നുവെന്നും നബി(സ)തിരുമേനി മരിച്ചുപോയിരിക്കുന്നുവെന്നും മുസ്‌ലീംകൾ സമ്മതിക്കുന്നു. ഞാൻ സത്യമായും പറയുന്നു, ഒരു മുസ്‌ലിം മൗലവിയുടെ വായിൽനിന്ന് നബി(സ)തിരുമേനി മരിച്ചുപോയി എന്ന വാക്ക് കേൾക്കുമ്പോൾ എന്റെ ഹൃദയം വിറകൊള്ളുന്നു. ജീവിച്ചിരിക്കുന്ന നബിയെയാണ് മരിച്ച നബി എന്ന് പറയുന്നത്. ഇതിനെക്കാൾ കൂടുതൽ നിന്ദ്യതയും അപമാനവും ഇസ്‌ലാമിന് മറ്റെന്തുണ്ടാകാനാണ്? എന്നാൽ, ആ തെറ്റു ചെയ്തിരിക്കുന്നത് മുസ്‌ലീംകൾ തന്നെയാണ്. അവർ വിശുദ്ധ ഖുർആനെതിരിൽ വ്യക്തമായൊരു പുതിയ കാര്യമുണ്ടാക്കി. വിശുദ്ധ ഖുർആനിൽ മസീഹിന്റെ മരണത്തെ കുറിച്ച് വിശദമായി വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പക്ഷേ, യഥാർഥത്തിൽ ആ തെറ്റ് അകറ്റുക എന്നത് എനിക്കായി വെച്ചിരിക്കുകയായിരുന്നു. കാരണം എന്റെ പേര് അല്ലാഹു വെച്ചിട്ടുള്ളത് ഹക്കം അഥവാ നീതിമാനായ വിധികർത്താവ് എന്നാണ്. അല്ലാഹു ആരെയാണോ കല്പന നല്കി അയച്ചിട്ടുള്ളത് അവനിൽനിന്ന് ഇക്കാര്യം ഗോപ്യമായിരിക്കുകയില്ല. വയറ്റാട്ടിയിൽനിന്ന് എപ്പോഴെങ്കിലും വയർ മറഞ്ഞിരിക്കുമോ? അവസാന ഖലീഫ വാഗ്ദത്ത മസീഹായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായും വിധി നല്കിയിരിക്കുന്നു. അദ്ദേഹം വന്നു. ഇനിയും ആരെങ്കിലും കളവിന്റെ കാലഘട്ടത്തിൽചെയ്ത(ഫയ്ജെ അഅ്‌വജ്)മാമൂലുകളെ അന്ധമായി അംഗീകരിക്കുകയാണെങ്കിൽ അവൻ സ്വയം നഷ്ടം വഹിക്കേണ്ടിവരുമെന്ന് മാത്രമല്ല, ഇസ്‌ലാമിന് നഷ്ടം വരുത്തുന്നവനായി നിശ്ചയിക്കപ്പെടുകയും ചെയ്യും. യഥാർഥത്തിൽ അബദ്ധവും അശുദ്ധവുമായ ഈ വിശ്വാസം ലക്ഷക്കണക്കിന് മുസ്‌ലീംകളെ മതപരിത്യാഗികളാക്കി (മുർത്തദ്ദുകൾ) ത്തീർത്തു. ഈ വിശ്വാസം ഇസ്‌ലാമിനെ കഠിനമായി നിന്ദിക്കുകയും നബി(സ)തിരുമേനിയെ അധിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. മരിച്ചവരെ ജീവിപ്പിക്കുന്നവനും ആകാശത്തിൽ പോയവനും അവസാനം വിധികർത്താവായി വരുന്നവനും യേശുവാണെന്ന് വിശ്വസിക്കുമ്പോൾ നമ്മുടെ നബി(സ)തിരുമേനി-മആദല്ലാഹ്-ഒന്നും ഇല്ലാത്തവനായി. വാസ്തവത്തിൽ അദ്ദേഹമാണ് **റഹ്മത്തുല്ലിൽ ആലമീൻ** എന്ന് പറയപ്പെട്ടിരിക്കുന്നത്. അദ്ദേഹം **കാഫത്തുന്നാസി**നുവേണ്ടി റസൂലായി വന്നയാളാണ്. ഖാത്തമുന്നബിയ്യീനായതും ആ മഹാത്മാവാണ്. മുസ്‌ലിം ആയിക്കൊണ്ട് ഇത്തരം നിരർഥമായ വിശ്വാസം വെച്ചു പുലർത്തുന്നവരുടെ മതമാണോ ഇത്. ഇപ്പോഴുള്ള പക്ഷികളിൽ കുറച്ച് മസീഹും കുറച്ച് അല്ലാഹുവുമാണുണ്ടാക്കിയതെന്ന് ഇവർ പറയുന്നു. നഊദുബില്ലാഹ് മിൻദാലിക്. കുറച്ചു പക്ഷികളെ കൊണ്ടുവന്നാൽ മസീഹ് സൃഷ്ടിച്ചതും അല്ലാഹു സൃഷ്ടിച്ചതും വേർതിരിച്ചു തരാമോ എന്ന് ഞാനൊരിക്കൽ ഒരു തൗഹീദ് വിശ്വാസിയോടു ചോദിച്ചു. എല്ലാ കൂടിക്കലർന്നുപോയിരിക്കുന്നുവെന്നായിരുന്നു അയാളുടെ മറുപടി.

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങളും സംഭവങ്ങളും സമർപിക്കുകയാണ്. അവയിൽനിന്ന് അവിടത്തെ ജീവിത പരിശുദ്ധിയുടെ ചില വശങ്ങൾ പ്രകടമാകുന്നുണ്ട്. അവിടന്ന് തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ സ്ഥാനത്തേയും പദവിയേയും വെറും വൈജ്ഞാനികവും ബുദ്ധിപരവുമായ നിലയിൽ സ്ഥാപിക്കുന്ന ആൾ മാത്രമായിരുന്നില്ല. പ്രത്യുത അവിടത്തെ അധ്യാപനങ്ങളിൽനിന്നും കർമങ്ങളിൽനിന്നും ഇസ്‌ലാമികാധ്യാപനത്തിന്റെ കർമപരമായ പ്രകടനം അറിയാനും കഴിയുന്നു.

ഒരിക്കൽ അബ്ദുൽഹഖ് എന്നു പേരുള്ള ക്രിസ്തുമതം സ്വീകരിച്ച ഒരു യുവാവ് സത്യം അന്വേഷിച്ച് ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ കുറച്ചു താമസിച്ചു. വിവിധ കൂടിക്കാഴ്ചകളിൽ അവിടന്ന് മതപരമായ കാര്യങ്ങൾ വിവരിക്കാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു, ഒരു ക്രിസ്ത്യാനിയോടു അങ്ങയുടെ പേരു പറഞ്ഞപ്പോൾ അയാൾ അങ്ങയെ ചീത്ത പറഞ്ഞു. എനിക്കത് സഹിക്കാൻ കഴിഞ്ഞില്ല. അവിടന്ന് പറഞ്ഞു, 'ചീത്ത വിളിക്കുന്നുണ്ട്. അതിനെ ഞാൻ വകവെക്കുന്നില്ല. ചീത്തകൾ എഴുതിക്കൊണ്ടുള്ള ഒരുപാട് കത്തുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. അതിന് കൂലിയും കൊടുക്കേ

ണ്ടിവരുന്നുണ്ട്. തുറന്നുനോക്കുമ്പോൾ ചീത്തകളായിരിക്കും. ലഘുലേഖകളിലും ചീത്ത വിളക്കുന്നുണ്ട്.' അമീറുൽമുഅ്മിനീൻ പറഞ്ഞു, ഇന്നും അതേ അവസ്ഥതന്നെയാണ്. പാക്കിസ്താനിൽ വലിയ വലിയ പോസ്റ്ററുകളാണ് പതിക്കുന്നത്. ഇപ്പോൾ തുറന്ന കവറുകളിൽ ചീത്തകളെഴുതി അയക്കുന്നു. എന്നാൽ, ഇതുകൊണ്ടെന്തുണ്ടാകാനാണ്. അല്ലാഹുവിന്റെ പ്രകാശം എവിടെയെങ്കിലും അണയുമോ? നന്ദികെട്ട ജനം എപ്പോഴും നബിമാരോടും സാത്ത്വികരോടും ഇങ്ങനെതന്നെയാണ് പെരുമാറിയിരിന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നാം ആരുടെ കാലടികളിലൂടെയാണോ വന്നത് അതായത് മസീഹ് നാസിരി അദ്ദേഹത്തോടു ഇവർ എന്താണ് ചെയ്തത്? കാരണം ഇവർ ക്രിസ്ത്യാനകൾ ആയിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് മസീഹിന്റെ ഉദാഹരണം പറഞ്ഞത്. അദ്ദേഹത്തോടും ഇവർ ചെയ്തത് ഇതുതന്നെയായിരുന്നു. തെറി വിളിച്ചിരുന്നു. അക്രമം ചെയ്തിരുന്നു. കുരിശിൽ തറക്കുകപോലും ചെയ്തിരുന്നു. പിന്നീട് പറഞ്ഞു, നമ്മുടെ നബി(സ)തിരുമേനിയ്ക്കുണ്ടായ അനുഭവമെന്താണ്? ഇന്നും അശുദ്ധരായ ആളുകൾ ചീത്തവിളിക്കുന്നു. ഞാൻ മനുഷ്യകുലത്തിന്റെ യഥാർഥ ക്ഷേമം ആഗ്രഹിക്കുന്ന ആളാണ്. എന്നെ ശത്രുവായി മനസ്സിലാക്കുന്നവൻ സ്വയം തന്റെ ജീവന്റെ ശത്രുവാണ്.

ഞാൻ പറഞ്ഞതുപോലെ ഈ അബ്ദുൽഹഖ് എന്ന പേരുകാരൻ ഒരുപാട് ദിവസം അവിടെ താമസിച്ചു. ഹദ്റത്ത് മസീഹ് മൗഊദു(അ)മായി സംസാരം നടന്നു കൊണ്ടിരുന്നു. അയാളുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടി അവിടന്ന് നല്കിക്കൊണ്ടിരുന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോടു പറഞ്ഞു, ഞാൻ താങ്കളോടു ആവർത്തിച്ചാവർത്തിച്ച് പറയുന്നത് നിങ്ങൾക്ക് ഒരു കാര്യം മനസ്സിലാകാത്തിടത്തോളം ചോദിച്ചുകൊണ്ടേയിരിക്കുക എന്നാണ്. മനസ്സിലാകാത്ത ഒരു കാര്യം മനസ്സിലായി എന്നു പറയുന്നത് നല്ല കാര്യമല്ല. അതിന്റെ ഫലം ചീത്തയായിരിക്കും. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രേരണ. സത്യം തുറക്കണമെന്നതും ആളുകൾ അത് സ്വീകരിക്കണമെന്നതും ആ മഹാത്മാവിന്റെ ആവേശമായിരുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഒരു രോഗിയെ കാണാൻ പോയ സംഭവം വിവരിക്കുകയാണ്. പക്ഷേ, അതിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാലത്തെ പീറുമാരേയും ഫക്കീർമാരേയും പോലെ താൻ ദുആ ചെയ്യും തന്റെ ദുആ സ്വീകരിക്കപ്പെടും എന്നു പറഞ്ഞ് തന്റെ വലുപ്പം വിവരിച്ചില്ല. മറിച്ച് അല്ലാഹുവിന്റെ ഏകത്വവും ദുആസ്വീകര്യതയുടെ തത്ത്വവും തന്റെ അവസ്ഥയെ അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് വാർത്തെടുക്കുന്നതിനെ സംബന്ധിച്ചുമാണ് പറഞ്ഞത്. സംഭവം ഇങ്ങനെയാണ്.

ഖുറയ്ശി സാഹിബ് ഒരുപാട് ദിവസമായി സുഖമില്ലാതെ ഹദ്റത്ത് ഹക്കീമുൽ ഉമ്മത്തിനെക്കൊണ്ട് ചികിത്സിക്കാൻ ദാരുൽഅമാനിൽ വന്നതാണ്. അദ്ദേഹം പല പ്രാവശ്യവും ഹദ്റത്ത് ഹുജ്ജത്തുല്ലായോട് ദുആയ്ക്കുവേണ്ടി അപേക്ഷിച്ചു. നാം ദുആ ചെയ്യുന്നതാണെന്ന് അവിടന്ന് പറഞ്ഞു. ഒരു ദിവസം അവിടന്ന് അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അദ്ദേഹത്തോടു പറഞ്ഞു, ഞാൻ ദുആ ചെയ്തിരിക്കുന്നു. എന്നാൽ, യഥാർഥ കാര്യം എന്താണെന്നുവച്ചാൽ അല്ലാഹുവിന്റെ ഇഷ്ടവും കല്പനയുമില്ലാതെ കേവലം ദുആയക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. അല്ലാഹു അവന്റെ അനുഗ്രഹം ചൊരിയുമ്പോൾ ഒരു ബുദ്ധിമുട്ടും അവശേഷിക്കുകയില്ല. എന്നാൽ, അതിനുള്ള നിർബന്ധ നിബന്ധന മനുഷ്യൻ തന്റെ ഉള്ളിൽ മാറ്റമുണ്ടാക്കുക എന്നതാണ്. പിന്നീട് മറ്റുള്ളവർക്ക് ഫലമുള്ള ആളാണെന്ന് കാണുമ്പോൾ അവന്റെ ജീവിതത്തിന് അഭിവൃദ്ധി നല്കുന്നു. അതായത് അവന്റെ ആയുസ്സ് വർധിപ്പിക്കുന്നു.

സത്യമെന്താണെന്നുവച്ചാൽ അല്ലാഹുവിന്റെ കല്പന കൂടാതെ മനുഷ്യന്റെ ഉള്ളിൽ പോകുന്ന ഓരോ അണുവും ഒരിക്കലും ഗുണം ചെയ്യുകയില്ല. തൗബയും ഇസ്തിഗ്ഫാറും ധാരാളം ചെയ്യേണ്ടതാണ്. അല്ലാഹു തന്റെ അനുഗ്രഹം ചെയ്യട്ടെ. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുമ്പോൾ ദുആയും സ്വീകരിക്കപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ശത്രുവിനുവേണ്ടി ദുആ ചെയ്യാത്തിടത്തോളം പൂർണമായനിലയിൽ നെഞ്ചകം ശുദ്ധമാകുകയില്ലെന്നതാണ് എന്റെ മതം. **ഉദ്ഊനീ അസ്തജിബ് ലക്കും** എന്നതിൽ ശത്രുവിന് ദുആ ചെയ്താൽ സ്വീകരിക്കുകയില്ലെന്ന തടവൊന്നും അല്ലാഹു വെച്ചിട്ടില്ല. എന്നല്ല, ശത്രുവിനുവേണ്ടി ദുആ ചെയ്യുന്നതും **സുന്നത്തെനബ്വി**യാണെന്നതാണ് എന്റെ മതം. ഹദ്റത്ത് ഉമർ(റ)അതുകൊണ്ടാണ് മുസ്ലിമായത്. നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി മിക്കപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. അതുകൊണ്ട് പിശുക്കോടുകൂടി വ്യക്തിപരമായ ശത്രുത പുലർത്തരുത്. വാസ്തവത്തിൽ ഉപദ്രവിക്കുന്നവനാകാതിരിക്കേണ്ടതാണ്. നമ്മോടു ശത്രുത പുലർത്തുന്നവനുവേണ്ടി രണ്ടുമൂന്നുവട്ടമെങ്കിലും ദുആ ചെയ്യാതെയായിട്ടില്ല. ഒരാൾക്കുപോലും ദുആ ചെയ്യാതിരിക്കുന്നില്ല. ഇതുതന്നെയാണ് ഞാൻ നിങ്ങളോടു പറയുന്നത്.

അവസാനം അമീറുൽമുഅ്മിനീൻ പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ) ശരിയായ ഇസ്ലാമികാധ്യാപനങ്ങളും നബി(സ)തിരുമേനിയുടെ ജീവിത മാതൃകയും നമ്മുടെ മുമ്പിൽ വെച്ച ആ വളരെ വലിയ ഖജനാവുകളിൽനിന്ന് ചില കാര്യങ്ങളാണ് ഞാൻ വിവരിച്ചത്. ഇതിൽനിന്ന് പ്രകടമാകുന്നത് ആ മഹാത്മാവ് തന്നെയാണ് നബി(സ)തിരുമേനിയുടേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപനത്തെ സ്വായത്തമാക്കുകയും തന്നിൽ നടപ്പിൽ വരുത്തുന്ന കടമ നിറവേറ്റുകയും ചെയ്ത വ്യക്തിയെന്നാണ്. അവിടന്ന് ഖത്തമുന്നുബുവ്വത്തിന്റെ വെറും മുദ്രാവാക്യം മുഴക്കുകയല്ല ചെയ്തത്. മറിച്ച് അവിടത്തെ ഓരോ വാക്കും പ്രവൃത്തിയും തന്റെ യജമാനരായ നബി(സ)തിരുമേനിയെ പിൻപറ്റിക്കൊണ്ടായിരുന്നു. അതേ അധ്യാപനവും അതേ ശരീഅത്തും സ്ഥാപിക്കുന്നതിനും നബി(സ) തിരുമേനിൽ ഇറങ്ങിയ ആ മനോഹര അധ്യാപനം ജനങ്ങൾ അറിയുന്നതിനും വേണ്ടിയുള്ള ഒരു പിടച്ചിലായിരുന്നു. ഇതാണ് യഥാർഥ മോക്ഷം. തന്നെ വിശ്വസിക്കുന്നവരോടും ഇതനുസരിച്ച് പ്രവർത്തിക്കാൻ അവിടന്ന് ഉപദേശിക്കുകയും മാർഗദർശനം നല്കുകയും ചെയ്തു.

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിന്റെ കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ഖുർആനും സുന്നത്തുമനുസരിച്ച് കർമപ

രമായ മാതൃക സ്ഥാപിക്കാൻ തൗഫീഖ് നല്കുന്നതോടൊപ്പം നബി(സ)തിരുമേനിയുടെ സ്ഥാനത്തിന്റേയും പദവിയുടേയും ശരിയായ ഗ്രാഹ്യവും നമുക്ക് നല്കുമാറാകട്ടെ. നമ്മൾ ഇസ്ലാമിന്റെ യഥാർഥ ചിത്രം ലോകത്തിന് കാണിച്ചുകൊടുക്കുന്നവരാകട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)

at Baithul Futuh,London – on 29.04.16

Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To

Ahmadiyya Muslim Jama'at

Baithul Quddoos, G.H.Road

Calicut - 673001,Kerala